**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2773** **24-02-2026 - ൽ മറുപടിയ്ക്ക്**

**ട്രീ ബാങ്കിംഗ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പ് നടപ്പിലാക്കുന്ന ട്രീ ബാങ്കിംഗ് പദ്ധതിയുടെ വിശദാംശങ്ങളും, പദ്ധതിയുടെ ലക്ഷ്യങ്ങളും വ്യക്തമാക്കാമോ; | (എ) | സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് 137/2025/വനം, തീയതി 29.03.2025 പ്രകാരം സംസ്ഥാന സർക്കാർ ട്രീ ബാങ്കിംഗ് പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. പരമ്പരാഗത വനപ്രദേശങ്ങൾക്ക് പുറത്ത് പൊതുജന പങ്കാളിത്തത്തോടെ വൃക്ഷാവരണം വർദ്ധിപ്പിക്കുക, സ്വന്തം ഭൂമിയിൽ മരം നടുന്നത് വഴി കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കുക, കൂടാതെ ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രത്യാഘാതങ്ങൾ ലഘൂകരിച്ച് സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ആക്കുക, വിപണിയിൽ തടി ലഭ്യത ഉറപ്പുവരുത്തുക എന്നിവയാണ് ട്രീ ബാങ്കിംഗ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ വൃക്ഷ ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും, പദ്ധതി പ്രകാരം ഭൂമിയുടെ ഉടമയ്ക്ക് നട്ടുപിടിപ്പിച്ച മരങ്ങൾ വെട്ടി വിൽക്കാൻ കഴിയുമോയെന്നും വ്യക്തമാക്കാമോ? | (ബി) | പദ്ധതി പ്രാബല്യത്തിൽ വന്ന ഈ വർഷം (2025) ചന്ദന തൈകൾ മാത്രമാണ് ടി പദ്ധതിയിൽ നടാൻ സാധിക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ ചന്ദനം, തേക്ക്, മഹാഗണി, ആഞ്ഞിലി, പ്ലാവ്, കുമ്പിൾ, കരിമരുത്, തമ്പകം, വെൺതേക്ക്, വീട്ടി എന്നീ വൃക്ഷത്തൈകൾ ടി പദ്ധതിയിൽ നടാൻ സാധിക്കും.<br><br>ട്രീ ബാങ്കിംഗ് പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും ഭൂവുടമയും തമ്മിൽ ഒരു ധാരണാപത്രം ഒപ്പുവയ്ക്കേണ്ടതുണ്ട്. മേൽ ധാരണാപത്രത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നട്ടുപിടിപ്പിച്ച മരങ്ങൾ ഉടമകൾക്ക് വെട്ടി വിൽക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ